## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 18.10.2016 - ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നമ്പർ: 336

**കയർ മേഖലയിലെ ചൂഷണം ഒഴിവാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.കാരാട്ട് റസാഖ് | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ) മുൻസർക്കാരിന്റെ കാലത്ത് വ്യാപകമായിരുന്നതും കയർ മേഖലയിലെ ചൂഷണത്തിന് ഇടയാക്കിയിരുന്നതുമായ ഡിപ്പോ സമ്പ്രദായം നിർത്തലാക്കാൻ ഈ സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | എ) പി.പി.എസ്.എസ്.പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം ഉൾപ്പടെയുള്ള കാര്യങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ചെറുകിട ഉൽപാദകരിൽ കെട്ടിക്കിടന്ന 7.50 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ 2016 ഓണത്തിന് മുൻപ് വില നൽകി കയർ കോർപ്പറേഷൻ സംഭരിച്ചു. |
| ബി) കഴിഞ്ഞ നാലു വർഷത്തിലധികമായി കയർ സംഘങ്ങളിൽ കയർ കെട്ടിക്കിടക്കാനിടയായ സാഹചര്യം എന്തായിരുന്നു; ഇതു പരിഹരിക്കാൻ സാധിച്ചോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | ബി)കേരളത്തിന്റെ വടക്കൻ ജില്ലയിൽ പൂർണ്ണമായും കൈകൊണ്ടു നിർമ്മിക്കുന്ന ബേപ്പൂർ കൊയിലാണ്ടി കയറിനങ്ങളുടെ വില കൂടുതൽ കാരണം ആയത് കെട്ടിക്കിടക്കാനിടയായിട്ടുണ്ട്. ആയത് പ്രൈസ് ഫ്ളക്ച്യുവേഷൻ ഫണ്ടിൽ ഉൾപ്പെടുത്തി 50% ഡിസ്കൗണ്ട് നൽകി വിറ്റഴിക്കുന്നതു വഴി ഒരു പരിധിവരെ പരിഹരിക്കാൻ കയർഫെഡിനു സാധിച്ചിട്ടുണ്ട്. കയറ്റുമതിക്കാർക്ക് ഏറ്റവും കൂടുതലായി ആവശ്യം വരുന്ന കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കയർ ഉൽപ്പന്ന നിർമ്മാതാക്കളുടെ സഹകരണ സംഘങ്ങൾ വഴി ചെറുകിട കയർ ഉൽപ്പന്ന യൂണിറ്റുകൾക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു. |
| സി) കയർപിരി തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പാക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടെങ്കിൽ വിശദാംശം നൽകുമോ? | സി) കയർപിരി തൊഴിലാളികൾക്ക് ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കി വരുന്നു. കൂടാതെ ചെറുകിട ഉൽപാദകർക്ക് ഉൽപാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ പ്രധാനമായും കയർ , കയർഫെഡിൽ നിന്ന് സംഭരിച്ച് ഉൽപാദക സഹകരണ സംഘങ്ങൾ വഴി വായ്പയായി നൽകുന്നതിനുള്ള നടപടി കയർ കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ